പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:644 — 29.06.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സിയുടെ ദീർഘ ദൂര ബസ് സർവ്വീസ്

**ചോദ്യം**
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. പി.സി ജോർജ്ജ്
ശ്രീ. റോഷി അഗസ്റ്റിൻ

**ഉത്തരം**
ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ദീർഘദൂര സർവ്വീസുകൾ നടത്തുന്ന എത്ര വോൾവോ ബസ്സുകൾ ഉണ്ട്; ഇതിന്റെ സർവ്വീസ് ലാഭകരമാണോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. യിൽ വോൾവോ ബസ് ഉപയോഗിച്ച് സർവ്വീസ് നടത്തുന്ന രണ്ട് ഷെഡ്യൂളുകൾ നിലവിലുണ്ട്. അത് പ്രതിദിന തിരുവനന്തപുരം - ബാംഗ്ലൂർ, തിരുവനന്തപുരം - എറണാകുളം സർവ്വീസാണ്. അതിലേക്കായി 3 വോൾവോ ബസുകൾ ഉപയോഗിക്കുന്നുണ്ട്. 2011 മെയ് മാസകണക്കുപ്രകാരം എറണാകുളം യൂണിറ്റിൽ സർവ്വീസ് നടത്തുന്ന ഷെഡ്യൂളിന് 33.74 രൂപ കി.മീറ്റർ പ്രതിവരുമാനവും (EPKM). തിരുവനന്തപുരം സെൻട്രൽ യൂണിറ്റിൽ സർവ്വീസ് നടത്തുന്ന ഷെഡ്യൂളിന് 33.67 രൂപ കി.മീറ്റർ പ്രതിവരുമാനവും (EPKM) ലഭിച്ചിട്ടുണ്ട്. സീസൺ കാലത്തുമാത്രമേ ഈ സർവ്വീസുകൾ ലാഭകരമായി നടത്താൻ കഴിയുന്നുള്ളൂ. |
| (ബി) | ഇത്തരത്തിൽ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഇപ്പോൾ തീരുമാനിച്ചിട്ടില്ല. |
| (സി) | ദീർഘദൂര സർവ്വീസുകൾ നടത്തുന്ന ആധുനിക സൗകര്യങ്ങളുള്ള സ്വകാര്യ ബസ്സുകളിൽ യാത്രക്കാരുടെ | (സി) | സെമി സ്ലീപ്പർ സീറ്റുകൾ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഉള്ള വാഹനങ്ങൾ സ്വകാര്യ സ്റ്റേജ് ക്യാരേജുകളായി ഓടുന്നതായി |

| | | | |
|---|---|---|---|
| | തിരക്ക് വർദ്ധിച്ചുവരുന്ന കാര്യം നിരീക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആധുനിക സജ്ജീകരണങ്ങൾ ആയ സെമി സ്ലീപ്പർ സീറ്റുകൾ, എയർ കണ്ടീഷൻ സൗകര്യം മുതലായവ ഉള്ള കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളിൽ കൂടുതൽ പേർ യാത്ര ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇതര വകുപ്പുകളുടെ പങ്കാളിത്തത്തോടെ ആധുനിക സംവിധാനങ്ങളുള്ള ബസ്സുകൾ നിരത്തിലിറക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ സംവിധാനമില്ല. ഇതര വകുപ്പുകളിൽ നിന്ന് ആവശ്യങ്ങൾ ഉന്നയിക്കുമ്പോൾ പരിശോധിക്കുന്നതും, തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ